(ബി) എങ്കിൽ കേരളത്തിലും ഇപ്രകാരം ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) സിനിമാ പ്രദർശനത്തിന് ചുമത്തിയിട്ടുള്ള അധിക വിനോദ നികുതി ഒഴിവാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) ഷോ ടാക്സ് നിർത്തലാക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി ആന്റ് സി) സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി ആന്റ് ഇ) അധിക വിനോദ നികുതിയ്ക്ക് ആധാരമായ 1963-ലെ കേരള അഡീഷണൽ ടാക്സ് ഓൺ എന്റർടെയിൻമെന്റ് ആന്റ് സർച്ചാർജ്ജ് ഓൺ ഷോ ടാക്സ് ആക്ട്, 2000-ലെ "കേരള ഡിസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട്" സെക്ഷൻ 36 പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്. അതോടൊപ്പം, പ്രസ്തുത ആക്ടിലെ സെക്ഷൻ 22 പ്രകാരം 1961-ലെ കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് ഭേദഗതി ചെയ്തുകൊണ്ട് നിലവിൽ ഉണ്ടായിരുന്ന വിനോദ നികുതിയും അധിക വിനോദ നികുതിയും ലയിപ്പിച്ച് വിനോദ നികുതിയുടെ നിരക്ക് ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉദ്ദേശിക്കുന്നില്ല.

പുകയില ജന്യ രോഗങ്ങൾ

* 13 [163] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങളുടെ ഇടയിൽ പുകയില ജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർവേ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സർവേ ഫലം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുകയില ഉപയോഗം അനിയന്ത്രിതമായിരിക്കുന്ന സാഹചര്യത്തിൽ ഇതിന്റെ ദോഷവശങ്ങൾ പ്രചരിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ വിശദവിവരങ്ങൾ അറിയിക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) ഉണ്ട്. കഴിഞ്ഞ ഏഴ് എട്ട് വർഷക്കാലത്തെ പുകയില വിരുദ്ധ ബോധവൽക്കരണത്തിന്റെ ഫലമായി പുകയിലയുടെ ഉപയോഗം ഗണ്യമായ തോതിൽ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സിഗരറ്റിന്റെ ഉപയോഗം 30 ശതമാനത്തിൽ താഴെ കുറഞ്ഞതായി കാണുന്നു. എന്നാൽ പാൻമസാലയുടെ വർദ്ധിച്ചു വരുന്ന ഉപയോഗം കാരണം 10-15 വർഷം കഴിയുമ്പോൾ ഇതുമൂലമുണ്ടാകുന്ന വായിലെ കാൻസർ രോഗം ക്രമാതീതമായി കൂടുമെന്നാണ് സൂചനകൾ.

(ബി ആന്റ് സി) രണ്ടു പ്രധാനപ്പെട്ട സർവേകളാണ് ഇപ്പോൾ കേരളത്തിൽ നടന്നുവരുന്നത്. ഒന്ന് റീജിയണൽ കാൻസർ സെന്ററിന്റെ ആഭിമുഖ്യത്തിലും മറ്റൊന്ന് തിരുവനന്തപുരം മെഡിക്കൽ കോളേജിന്റെ ആഭിമുഖ്യത്തിലുമാണ് നടന്നു വരുന്നത്. നാലര ലക്ഷം ജനങ്ങളിൽ പുകയിലയുടെ ഉപയോഗത്തെപ്പറ്റി പഠനങ്ങൾ നടത്തി വരികയാണ്. 1995 മുതൽ തുടർന്നു വരുന്ന ഈ പഠനങ്ങളിൽ പുകയില ഉപയോഗിക്കുന്ന ഏകദേശം 50 ശതമാനം ആളുകളും 25 വയസ്സിനു മുകളിൽ പ്രായമുള്ള പുരുഷൻമാരും സ്ത്രീകളുമാണ്. പുകവലിക്കുന്നവരിൽ ഉദ്ദേശം 65 ശതമാനം ആളുകൾ സിഗരറ്റും 8 ശതമാനം ആളുകൾ ബീഡിയും സിഗരറ്റും ഉപയോഗിക്കുന്നവരാണ്. ഇവരിൽ തുടരെത്തുടരെയുള്ള ക്രോണിക് ബ്രോംങ്കൈറ്റിസ് കണ്ടുവരുന്നു.

(ഡി ആന്റ് ഇ) *1988-ൽ കേരളാ സ്റ്റേറ്റ് കോമൺ സെൻട്രൽ ആക്ഷൻ പ്ലാൻ നിലവിൽ വന്നിട്ടുണ്ട്.

* റീജിയണൽ കാൻസർ സെന്ററും മെഡിക്കൽ കോളേജുകളും ചേർന്ന് പുകയില വിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

* സ്കൂൾ തലത്തിലും അതുപോലെതന്നെ പൊതുജനങ്ങളിലും പ്രത്യേകിച്ച് സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റും ആരോഗ്യപ്രവർത്തകരെയും പരിശീലനം ലഭിച്ച വോളണ്ടിയർമാരെയും ഉപയോഗിച്ചാണ് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നത്.

* ഡോക്ടർമാർക്ക് ബോധവൽക്കരണത്തിനും നേരത്തെയുള്ള രോഗനിർണ്ണയത്തിനും ആരോഗ്യ വകുപ്പ് പരിശീലനം നടത്തിവരുന്നു.

* പൊതു സ്ഥലങ്ങളിലും സ്കൂളുകളിലും ഓഫീസുകളിലും താഴെ കൊടുത്തിരിക്കുന്ന ഉത്തരവുകൾ പ്രകാരം പുകവലി നിരോധിച്ചിട്ടുണ്ട്.

1. സ.ഉ.(പി)239/95/ജി.എ.ഡി. തീയതി 11-7-1995
2. സ.ഉ.(ആർ.റ്റി)നം:52/97/ജി.എ.ഡി. തീയതി 12-2-1997
3. സ.ഉ.(എം.എസ്)നം:100/97/ജി.എ.ഡി. തീയതി 21-3-1907

LIBRARY ARCHIVES Kerala Legislative Assembly

* 2003-ലെ കേന്ദ്ര സിഗരറ്റും മറ്റു പുകയില ഉൽപ്പന്നങ്ങളുടെയും പരസ്യ നിരോധനവും വാണിജ്യ വ്യാപാര ഉൽപ്പാദന സംവരണ വിതരണ നിയന്ത്രണ ആക്ട് 2004 മേയ് ഒന്നു മുതൽ കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പുകയില ഉൽപ്പന്നങ്ങളുടെ പരസ്യങ്ങളുടെ മേൽ ടി ആക്ട് നിലവിൽ വന്ന തീയതി മുതൽ കർശനമായ നിയന്ത്രണങ്ങൾ നടപ്പിലായിട്ടുണ്ട്.

സിദ്ധവൈദ്യത്തിന് അംഗീകാരവും രജിസ്ട്രേഷനും

* 14 [164] ശ്രീ. ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത ചികിത്സാ സമ്പ്രദായമായ സിദ്ധവൈദ്യം അനുസരിച്ച് ചികിത്സാമുറകൾ നടത്തി വരുന്നവർക്ക് മതിയായ അംഗീകാരവും രജിസ്ട്രേഷനും നൽകുവാൻ നടപടി സ്വീകരിക്കുമോ;

(ബി) പല മാരക രോഗങ്ങൾക്കും ഉത്തമ പ്രതിവിധികളുള്ള സിദ്ധവൈദ്യത്തിലെ മരുന്നുകൾ നിർമ്മിച്ചു വിപണനം നൽകുവാൻ നടപടി കൈക്കൊള്ളുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ) പരമ്പരാഗത ചികിത്സാ സമ്പ്രദായമായ സിദ്ധവൈദ്യം അനുസരിച്ച് ചികിത്സാമുറകൾ നടത്തി വരുന്നവർക്ക് മതിയായ അംഗീകാരവും രജിസ്ട്രേഷനും നൽകാൻ ഇപ്പോൾ നിയമത്തിൽ വ്യവസ്ഥയില്ല. ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് സിദ്ധവൈദ്യ കോഴ്സുകൾ പാസ്സാകുന്നവർക്കുമാത്രമേ ഇപ്പോൾ രജിസ്ട്രേഷൻ നൽകിവരുന്നുള്ളൂ.

(ബി) ഇക്കാര്യം സർക്കാർ ആലോചനയിലില്ല.

ദാരിദ്ര്യരേഖ കണക്കാക്കിയതിലെ അപാകത

* 15 [165] ശ്രീ. എം. എ. വാഹീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ദാരിദ്ര്യരേഖ കണക്കാക്കിയതിലെ അപാകത പരിഹരിക്കുന്നതിന് ദാരിദ്ര്യരേഖ പുനഃനിർണ്ണയം ചെയ്യുവാൻ കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടി വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഇല്ല.

(ബി ആന്റ് സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly